## പത്രക്കുറിപ്പ്

കേരളത്തിൽ അതിവേഗത്തിൽ പടർന്നു പിടിക്കുന്ന പകർച്ച പനി തടയുന്നതിനായി , വകുപ്പുതലത്തിൽ ഓഫീസുകളിലും/സ്റ്റേഷനുകളിലും, പരിസരങ്ങളിലും 04/07/17 മുതൽ 06/07/17 വരെ ശുചീകരണം നടത്തുന്നത് സംബന്ധിച്ച് ബഹു. സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് ജില്ലയിലുടനീളം ഇന്നലെയും ഇന്നുമായി താഴെ പറയുന്ന ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.



## 04/07/17

കോട്ടയം ജില്ലയിലെ ശുചീകരണ പ്രവർത്തനം കോട്ടയം ജില്ലാ പോലീസ് ആഫീസ് പരിസരത്തു ജില്ല പോലീസ് മേധാവി ശ്രീ എൻ രാമചന്ദ്രൻ ഐ പി എസ് ന്റെ നേതൃത്വത്തിൽ തുടങ്ങുകയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരായ ശ്രീ. ജെ.സന്തോഷ്കുമാർ, ശ്രീ,വിനോദ് പിള്ള, ശ്രീ.ഗിരീഷ്.പി .സാരഥി എന്നീ പോലീസ് ആഫീസർമാരും ജില്ലാ പോലീസ് ആഫീസിലെ എ.എ.ശ്രീമതി.റെയ്ച്ചൽജോർജ്, മാനേജർ S.സുജയ, എ.ഓ P.A ജാസ്മിൻഎന്നിവരുടെയും ജില്ലാ പോലീസ് ആഫീസ് കോമ്പ്ലെക്സിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരും സംയുക്തമായി ചേർന്ന് ആഫീസ് പരിസര ശുചീകരണം നടത്തിയിട്ടുള്ളതാണ്.

ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, എല്ലാ പോലീസ് ആഫീസുകളിലും പരിസരങ്ങളിലും ഊർജിതമായ ശുചീകരണ പ്രവർത്തനം നടത്തുകയും. അയർക്കുന്നം ടൌൺ, ബസ് സ്റ്റാൻഡ് , ചിങ്ങവനം, എരുമേലി പോലീസ് ക്വാർട്ട്സ് ,വാകത്താനം, മണിമല വില്ലേജ് ആഫീസ് , പൊൻകുന്നം മണ്ണൻപ്ലാവ് ആയുർവേദ ആശുപത്രി ,പള്ളിക്കത്തോട് ഗവ.വെറ്റിനറി ആശുപത്രി , പാമ്പാടി താലൂക്ക് ആശുപത്രി , മണർകാട് ഗവ.യൂ.പി സ്കൂൾ ,പൂഞ്ഞാർ PHC , മരങ്ങാട്ടുപള്ളി ഗവ.ആയുർവേദ ആശുപത്രി , കടുത്തുരുത്തി സബ് ട്രഷറി ,വെള്ളൂർ HNL, കുറവിലങ്ങാട് ഗവ.ഹോമിയോ ആശുപത്രി , വടയാർ

ഗവ.ആശുപത്രി , വൈക്കം താലൂക്ക് ആശുപത്രി എന്നീ പൊതു സ്ഥാപനങ്ങളും പരിസരങ്ങളും ജില്ലയിലെ അതാത് പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ടുള്ള ശുചീകരണ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്.

## (05/07/2017)

ഇന്നത്തെ ശുചീകരണ പ്രവർത്തനം കോട്ടയം ജില്ലാ പോലീസ് ആഫീസ് പരിസരത്തു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (അഡ്മിൻ) ശ്രീ,വിനോദ്പിള്ളയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് K.M സജീവും ജില്ലാ പോലീസ് ആഫീസിലെ എ.ഒ. ശ്രീമതി.റെയ്ച്ചൽജോർജ്, മാനേജർ S.സുജയ,എ.ഓ P.A ജാസ്മിൻഎന്നിവരുടെയും ജില്ലാ പോലീസ് ആഫീസ് കോമ്പ്ലെക്സിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും മിനിസ്റ്റീരിയൽ ജീവനക്കാരുമടക്കം 150 പേരോളം പങ്കെടുക്കുകയും ചെയ്തു. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ വ്യക്തി സുരക്ഷയ്ക്കും, പരിസരസുരക്ഷക്കും ആവശ്യമായ ഗ്ലൌസ്, മാസ്ക്, ബ്ലീച്ചിംഗ് പൌഡർ, ഫിനോയിൽ ലോഷൻ എന്നിവയും, അത്യാവശ്യ പ്രാഥമിക മരുന്നുകളും മെഡിക്കൽ ടീം ആംബുലൻസ് സഹിതം സേവനത്തിനായി വിട്ടു നൽകുകയും ചെയ്തു. ശുചീകരണത്തിനിടയിൽ ജില്ലാ പോലീസ് ആഫീസിലെ ആഫീസ് അറ്റൻഡൻറ് ശ്രീ.അനുരാഗിന് വീണ് പരിക്കേൽക്കുകയും ജില്ലാ മെഡിക്കൽ ടീം പ്രാഥമിക ചികിൽസ നടത്തി, ജില്ലാ ആശുപത്രിയിലെത്തിച്ചു പരിശോധിച്ചു വിശ്രമത്തിനു നിർദേശിച്ചയക്കുകയും ചെയ്തു.

ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, എല്ലാ പോലീസ് ആഫീസുകളിലും പരിസരങ്ങളിലും ഇന്നും ശുചീകരണ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്. മുട്ടമ്പലം, കറുകച്ചാൽ, ഇളങ്ങുളം വില്ലേജ് ആഫീസ് , അയർക്കുന്നം,വെള്ളാവൂർ, മണർകാട് ഗ്രാമ പഞ്ചായത്ത് ആഫീസ് , ഏറ്റുമാനൂർ PHC , ചങ്ങനാശ്ശേരി St.Joseph H.S , പരുത്തുംപാറ ഗവ.എച്ച്.എസ് ,തൃക്കൊടിത്താനം PHC , വാകത്താനം കൃഷി ആഫീസ് , എരുമേലി പോസ്റ്റ് ആഫീസ്, വായനശാല , കാഞ്ഞിരപ്പള്ളി താലൂക്ക് ആഫീസ് , ,പള്ളിക്കത്തോട് അംഗൻവാടി ,പാമ്പാടി ഗവ.LPS , ഈരാറ്റുപേട്ട സബ് ട്രഷറി , വെളിയന്നൂർ ഗവ.LPS , മരങ്ങാട്ടുപള്ളി ക്ഷീരവികസന യൂണിറ്റ് ആഫീസ് , കടുത്തുരുത്തി കൃഷി ആഫീസ് , വെള്ളൂർ PHC, തലയോലപ്പറമ്പ് UPS , വൈക്കം ആയുർവേദ ആശുപത്രി എന്നീ പൊതു സ്ഥാപനങ്ങളും പരിസരങ്ങളും ജില്ലയിലെ അതാത് പോലീസ് സ്റ്റേഷൻ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ടുള്ള ശുചീകരണ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്.